## പതിമൂന്നാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4065 — 27.06.2012-ൽ മറുപടിക്ക്

### സ്വകാര്യ മേഖലയിൽ തൊഴിൽ സുരക്ഷിതത്വം

| ചോദ്യം | മറുപടി |
| --- | --- |
| ഡോ. എൻ. ജയരാജ്<br>ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. പി.സി. ജോർജ് | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) സ്വകാര്യ മേഖലയിൽ തൊഴിലെടുക്കുന്നവരുടെ തൊഴിൽ സുരക്ഷിതത്വത്തിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട് എന്ന് അറിയിക്കുമോ; | (എ) 1960- ലെ കടകളും വാണിജ്യ സ്ഥാപനങ്ങളും നിയമവും ചട്ടങ്ങളും, 1948-ലെ മിനിമം വേതന നിയമവും ചട്ടങ്ങളും അനുസരിച്ചുള്ള പരിശോധനകളും തുടർനടപടികളും അസിസ്റ്റൻറ് ലേബർ ഓഫീസർമാർ, ജില്ലാ ലേബർ ഓഫീസർമാർ എന്നിവരുടെ നേതൃത്വത്തിൽ ഊർജ്ജിതമായി നടപ്പിലാക്കി വരുന്നുണ്ട്. |
| (ബി) പ്രസ്തുത മേഖലയിൽ ജോലി ചെയ്യുന്നവർക്ക് മിനിമം വേതനം ഉറപ്പു വരുത്തുന്നതിന് പ്രായോഗികമായ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (ബി) മിനിമം വേതനം നോട്ടിഫിക്കേഷൻ ഉത്തരവ് ലഭിച്ചിട്ടുള്ള മേഖലകളിലെ തൊഴിലാളികൾക്ക് മിനിമം വേതനം നൽകുന്നുണ്ടോ എന്ന് മേൽ സ്ഥാപനങ്ങളിലെ പരിശോധനാ വേളകളിൽ പരിശോധന ഉദ്യോഗസ്ഥന്മാർ ഉറപ്പ് വരുത്തുകയും ആയത് സംബന്ധിച്ച് ഏതെങ്കിലും നിയമലംഘനം കണ്ടെത്തിയാൽ ക്ലെയിം പെറ്റീഷനും പ്രോസിക്യൂഷൻ നടപടികളും സ്വീകരിക്കുകയും ചെയ്തു വരുന്നു. |
| (സി) സ്വകാര്യ മേഖലയിൽ ജോലി ചെയ്യുന്നവരുടെ ശമ്പളം ബാങ്കുവഴി വിതരണം ചെയ്യുന്നത് സംബന്ധിച്ചുള്ള ഉത്തരവ് നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) ഉണ്ട്. ആദ്യഘട്ടമായി ഐ.ടി മേഖല, ചെറുകിട ബാങ്കുകൾ, സ്വകാര്യ ആശുപത്രികൾ, സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ജ്യൂവല്ലറികൾ, ടെക്സ്റ്റയിൽസ്, നിർമ്മാണ മേഖല എന്നീ 7 മേഖലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ ശമ്പളം ബാങ്കുവഴി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |

(ഡി) പ്രസ്തുത മേഖലയിൽ ജോലി ചെയ്യുന്ന സ്ത്രീകൾക്ക് പ്രസവാവധിയുടെ കാലയളവ് സർക്കാർ ജീവനക്കാരുടേതിനു സമാനമായി 180 ദിവസമായി ഉയർത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

(ഡി) പ്രസവാനുകൂല്യ ആക്ട് കേന്ദ്ര നിയമമായതിനാൽ ടി നിയമത്തിൽ ഭേദഗതി വരുത്തേണ്ടത് കേന്ദ്രസർക്കാരാണ്.

സെക്ഷൻ ഓഫീസർ